**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2790** **14-09-2023 - ൽ മറുപടിയ്ക്ക്**

**അനധികൃത ക്വാറികൾക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും അനധികൃത ക്വാറി പ്രവർത്തനം, ധാതു ഗതാഗതം, കടത്തു തുടങ്ങിയവ സംബന്ധിച്ച് സ്ക്വാഡുകൾ ഉൾപ്പെടെയുള്ള സംവിധാനം ഉപയോഗിച്ചുള്ള പരിശോധനകളിലൂടെ വിവിധയിനം ധാതുക്കളുടെ അനധികൃത ഖനന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമവിധേയമല്ലാതെ സംസ്ഥാനത്ത് ക്വാറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ അത്തരം അനധികൃത ഖനനങ്ങൾക്കെതിരെ 2015-ലെ കെ.എം.എം.സി. ചട്ടങ്ങൾ, 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം സമയോചിതമായി കർശനമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ചട്ടവിരുദ്ധമായി ഖനനം നടത്തുന്ന ക്വാറികൾക്കെതിരെ 2015-ലെ കെ.എം.എം.സി ചട്ടം 108 പ്രകാരം റോയൽറ്റി, വില, പിഴ എന്നിവ ഈടാക്കി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം (2022-23) വകുപ്പിൽ നിന്നും അനധികൃത ക്വാറി പ്രവർത്തനം, ധാതു ഗതാഗതം, കടത്തു തുടങ്ങിയ വിവിധ ചട്ടലംഘനങ്ങളിന്മേൽ നിയമനടപടികൾ സ്വീകരിച്ചതിന്റെ ജില്ലതിരിച്ചുള്ള എണ്ണവും, ഈടാക്കിയ തുകയും ചുവടെ ചേർക്കുന്നു. |

| 2022-23 | | |
|---|---|---|
| ജില്ല | കേസുകളുടെ എണ്ണം | ഈടാക്കിയ തുക (കോടി) |
| തിരുവനന്തപുരം | 776 | 43.29 |
| കൊല്ലം | 362 | 5.31 |
| പത്തനംതിട്ട | 546 | 14.81 |
| ആലപ്പുഴ | 259 | 1.43 |
| കോട്ടയം | 490 | 16.70 |
| ഇടുക്കി | 312 | 4.70 |
| എറണാകുളം | 446 | 22.41 |

| | | |
|---|---|---|
| തൃശ്ശൂർ | 458 | 1.28 |
| പാലക്കാട് | 988 | 14.72 |
| മലപ്പുറം | 2202 | 29.91 |
| കോഴിക്കോട് | 391 | 2.27 |
| വയനാട് | 126 | 1.23 |
| കണ്ണൂർ | 465 | 2.76 |
| കാസർഗോഡ് | 384 | 2.98 |
| കേരള മിനറൽ സ്ക്വാഡ് (ദക്ഷിണമേഖലാ) | 208 | 1.80 |
| കേരള മിനറൽ സ്ക്വാഡ് (മധ്യമേഖല) | 279 | 2.53 |
| കേരള മിനറൽ സ്ക്വാഡ് (ഉത്തരമേഖല) | 283 | 5.32 |
| ആസ്ഥാന കാര്യാലയം | 33 | 0.09 |
| ആകെ | 9007 | 173.53 |

| | | | |
|---|---|---|---|
| (സി) | ക്വാറിയുടെ പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിയ്ക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ? | (സി) | പോലീസ് അധികാരികൾ ഇത് സംബന്ധിച്ച പരിശോധനകൾ യഥാസമയം നടത്തിവരാറുണ്ട്. |

സെക്ഷൻ ഓഫീസർ